കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

എൽ.എഫ്–6/653/2018/ലൈഫ് 11.04.2018

# സർക്കുലർ

വിഷയം : ലൈഫ് മിഷൻ – കുടുംബശ്രീയുമായുള്ള സംയോജനം – ഗുണഭോക്താക്കളുടെ ഉപജീവനം/ നൈപുണ്യ പരിശീലനം/ ചെറുകിട സംരംഭം – സംബന്ധിച്ച്.

സൂചന : സ.ഉ (എം.എസ്) നം. 151/2017 ത.സ്വ.ഭ.വ, തീയതി 31.07.2017

സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടെയും അടിസ്ഥാന ആവശ്യമാണ്. പാർപ്പിടം വെറും കയറിക്കിടക്കാനുള്ള ഒറ്റപ്പെട്ട തുരുത്തുകളാകാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാനത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സാഹചര്യം ഒരുക്കുകയും ഉൽപ്പാദന സേവന മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥിര വരുമാനം ഉറപ്പാക്കാനുള്ള തൊഴിൽ ഉൾപ്പെടെ സമഗ്ര ഉപജീവന സുരക്ഷയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ്.

നൈപുണ്യം/ഉപജീവന പരിശിലനം, ചെറുകിട സംരംഭങ്ങൾ എന്നീ മേഖലകളിൽ കുടുംബശ്രീ സംവിധാനം വഴി നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ടി പദ്ധതിയുമായി സംയോജിപ്പിച്ച് ലൈഫിന്റെ മുഴുവൻ ഗുണഭോക്താക്കൾക്കും ഉപജീവനം കണ്ടെത്താനാണ് മിഷൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഗുണഫലം യഥാവിധി ലഭ്യമാക്കുന്നതിനായി ഗുണഭോക്താവിന്റെ കുടുംബത്തിലെ തൊഴിൽ രഹിതരുടെ കൃത്യമായ വിവരശേഖരണം അനിവാര്യമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് മിഷന്റെ ഭാഗമായി നടത്തുന്ന ഗുണഭോക്തൃ സംഗമത്തിൽവെച്ച് പ്രസ്തുത വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഉപജീവനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോ–ഓർഡിനേറ്റർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദാരിദ്ര്യലഘൂകരണവിഭാഗം പ്രോജക്ട് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

**<u>കമ്മിറ്റിയുടെ ചുമതലകൾ</u>**

1. സമയബന്ധിതമായി ഗുണഭോക്തൃ സംഗമം നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
2. കുടുംബശ്രീ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് കോ–ഓർഡിനേറ്റർമാർ, കമ്മ്യൂണിറ്റി ഓർഗനൈസർമാർ, മാനേജർമാർ എന്നിവർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുമതല നൽകുക. നഗരങ്ങളിൽ എൻ.യു.എൽ.എം–ന്റെ ഭാഗമായ സി.എം.എം.യു–വിന് ചുമതല നൽകുക. ഇവർ ഗുണഭോക്തൃ സംഗമത്തിൽ പങ്കെടുക്കുന്നുവെന്നും എല്ലാ ഗുണഭോക്താക്കൾക്കും ഫാറം പരിചയപ്പെടുത്തി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നുവെന്ന് ഉറപ്പാക്കുക. (ഫോറത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)
3. ബ്ലോക്ക് കോ–ഓർഡിനേറ്റർ, കമ്മ്യൂണിറ്റി ഓർഗനൈസർ, മാനേജർമാർ എന്നിവർക്ക് ആവശ്യമായ പരിശിലനം നൽകുക.
4. ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ ക്രോഡികരിച്ച് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുക.
5. കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തി, അവർക്ക് ആവശ്യമായ തൊഴിൽ മേഖല/പരിശീലന മേഖല കണ്ടെത്തുക.
6. മേഖലകൾ കണ്ടെത്തുന്ന മുറയ്ക്ക് SEP/ME/ESTP/MKSP/DDUGKY തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കളായി പരിഗണിച്ച് കുടുംബശ്രീയിൽ നിലവിലുള്ള പരിശീലനം/സംരംഭം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. കുടുംബശ്രീയുടെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളാകാൻ കഴിയാത്തവർ ഉള്ളപക്ഷം ആയതിനുള്ള കാരണം, ഗുണഭോക്താക്കളുടെ അഭിരുചി എന്നിവ കണ്ടെത്തി പകരം സംവിധാനം ഏർപ്പെടുത്തുക./ ലൈഫ് മിഷന് ശുപാർശ ചെയ്യുക.
8. പരിശീലന പരിപാടികളുടെ ജില്ലാതലത്തിലുള്ള മോണിറ്ററിംഗ്/റിപ്പോർട്ടിംഗ്.
9. ലൈഫ് മിഷന്റെ എല്ലാ ഗുണഭോക്തൃ കുടുംബത്തിൽ നിന്നും താൽപര്യമുള്ള ഒരാൾക്ക് എങ്കിലും തൊഴിൽ പരിശീലനം നൽകി/സംരംഭം തുടങ്ങാനുള്ള പരിശീലനം നൽകി എന്ന് ഉറപ്പാക്കുക.
10. തൊഴിൽ പരിശീലനം/ സംരംഭ പരിശീലനം ലഭിച്ചവരുടെ ഡേറ്റാ വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുക.
11. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ഉറപ്പാക്കുക/സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം മറ്റ് ആനുകൂല്യങ്ങൾ എന്നിവ നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക. നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാനാകാത്തപക്ഷം പകരം സംവിധാനം ഏർപ്പെടുത്തുക./ ആയതിനുള്ള ശുപാർശ ലൈഫ് മിഷന് സമർപ്പിക്കുക
12. 31.03.2020–ന് മുമ്പായി താൽപര്യമുള്ള ലൈഫ് കുടുംബത്തിലെ ഒരംഗത്തിനെ എങ്കിലും സ്വയംതൊഴിൽ/സംരംഭം വഴി സ്വന്തമായി വരുമാനമുണ്ടാക്കാൻ കഴിയുന്നുവെന്ന് ഉറപ്പാക്കുക.

ലൈഫിന്റെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം ലൈഫ് മിഷന്റെ വെബ്സൈറ്റിൽ ലഭിക്കുന്നതും ജില്ലാതലത്തിൽ ലൈഫ് മിഷൻ കോ-ഓർഡിനേറ്റർ കമ്മിറ്റിക്ക് ലഭ്യമാക്കേണ്ടതുമാണ്.

ജില്ലയിലെ സ്വകാര്യ മേഖലയിലുള്ള വിവിധ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ/ തൊഴിൽ നൽകാൻ കഴിയുന്ന സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

കുടുംബശ്രീക്ക് പുറമെ മറ്റ് വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കൂടി പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്
ജില്ലാ കളക്ടർമാർ
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടംബശ്രീ

പകർപ്പ്

അഡീ. ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ഉപരിപത്രം സഹിതം)
കരുതൽ/അധികം

**പ്രൊഫോർമ**

**ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ/നൈപുണ്യ പരിശീലനം/ സംരംഭ വിവര ശേഖരണ ഫോറം**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : ........................................................ ജില്ല ..................................

| ലൈഫ് ഗുണഭോക്താവിന്റെ വിവരം | | | | ലൈഫ് ഗുണഭോക്തൃ കുടുംബത്തിൽ തൊഴിൽപരിശീലനം/സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന തൊഴിൽ രഹിതരുടെ വിവരം | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| **ക്രമ നം.** | **ലൈഫ് രജിസ്ട്രേഷൻ നം.** | **വാർഡ് നം** | **ഗുണഭോക്താവിന്റെ പേര്** | **ക്രമ നം.** | **പേര്** | **വയസ്സ്** | **വിദ്യാഭ്യാസ യോഗ്യത** | **ഫോൺ നം** | **1 തൊഴിൽ പരിശീലനം<br>2. ചെറുകിട തൊഴിൽ സംരംഭം<br>3. കൃഷി/ജെ.എൽ.ജി<br>4. മൃഗസംരക്ഷണ പരിപാലനം** |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

കുറിപ്പ്:

1. രജിസ്ട്രേഷൻ നമ്പർ ലൈഫിന്റെ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ നിന്നും ലഭിക്കും.
2. കോളം 4–ൽ ഗുണഭോക്താവിന്റെ പേര് ലൈഫ് ഗുണഭോക്തൃ പട്ടികയിലെ പേരായിരിക്കണം.
3. കോളം 6–ൽ പേര് എന്നത് ബന്ധപ്പെട്ട കുടുംബത്തിലെ താൽപര്യമുള്ള വ്യക്തികളുടെ പേരായിരിക്കണം
4. കോളം 9–ൽ വിവരണം എഴുതേണ്ടതില്ല. എന്നാൽ പകരം നമ്പർ എഴുതിയാൽ മതിയാകും

**മാതൃക പ്രൊഫോർമ**

**ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ/നൈപുണ്യ പരിശീലനം/ സംരംഭ വിവര ശേഖരണ ഫോറം**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : തുവ്വൂർ ജില്ല: മലപ്പുറം

| ലൈഫ് ഗുണഭോക്താവിന്റെ വിവരം | | | | ലൈഫ് ഗുണഭോക്തൃ കുടുംബത്തിൽ തൊഴിൽപരിശീലനം/സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന തൊഴിൽ രഹിതരുടെ വിവരം | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| ക്രമ നം. | ലൈഫ് രജിസ്ട്രേഷൻ നം. | വാർഡ് നം | ഗുണഭോക്താവിന്റെ പേര് | ക്രമ നം. | പേര് | വയസ്സ് | വിദ്യാഭ്യാസ യോഗ്യത | ഫോൺ നം | 1 തൊഴിൽ പരിശീലനം<br>2. ചെറുകിട തൊഴിൽ സംരംഭം<br>3. കൃഷി/ജെ.എൽ.ജി<br>4. മൃഗസംരക്ഷണ പരിപാലനം |
| 1 | LF0123456/10/912/15 | 15 | സുലോചന | 1 | വിനോദ് | 36 | SSLC | 0000000000 | 4 |
| | ” | ” | ” | 2 | ദിവ്യ | 30 | പ്ലസ് ടു | 0000000000 | 2 |
| | ” | ” | ” | 3 | വിജയൻ | 32 | പ്ലസ് ടു | 0000000000 | 1 |
| | ” | ” | ” | 4 | അജയൻ | 30 | SSLC | 0000000000 | 3 |
| | ” | ” | ” | 5 | വിദ്യ | 28 | ഡിഗ്രി | 0000000000 | 1 |
| 2 | LF0123457/10/912/15 | 18 | സുകുമാരൻ | 6 | സന്തോഷ് | 36 | SSLC | 0000000000 | 3 |
| | ” | ” | ” | 7 | രാജേഷ് | 28 | ഡിഗ്രി | 0000000000 | 1 |
| 3 | LF0123458/10/912/15 | 2 | തിലോത്തമ | 8 | തിലോത്തമ | 50 | 8–ാം ക്ലാസ് | 0000000000 | 4 |